DESPATCHED
On. 15/2/22..

04.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1237(4)/13/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8216/എസ്.ഐ.സി-ജി2/2013 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി:04.02.2022**

ശ്രീ. കെ.പി.ജയപ്രകാശ്,
15 തിലക് നഗർ,
നാലാഞ്ചിറ.പി.ഒ.,
തിരുവനന്തപുരം-15.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
കോളജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 14.12.2021 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പത്തു വർഷത്തെ വിപുലമായ രേഖകളിൽ നിന്നും കണ്ടെത്തേണ്ടതായതുകൊണ്ട്, ടിയാന് ഒന്നാം എതിർകക്ഷിയുടെ കാര്യാലയത്തിൽ നേരിട്ട് ഹാജരായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ സ്വീകരിക്കാവുന്നതാണെന്നും, അപ്പീൽ ഹർജിക്കാരൻ അങ്ങനെ ആവശ്യപ്പെടുന്ന പക്ഷം അതിനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ നിലവിലെ എസ്.പി.ഐ.ഒ തയ്യാറാകണമെന്നുമാണ് ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

അതനുസരിച്ച്, ഒന്നാം എതിർകക്ഷിയുടെ വിശദീകരണം 15.01.2022 ൽ കമ്മീഷന് ലഭിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന, 2003 മുതൽ 2013 വരെയുള്ള കാലയളവിലെ പെൻഷൻ വിവരങ്ങൾ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുന്ന പക്ഷം, പരിശോധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഓഫീസിലെ പെൻഷൻ പി.ഐ.ഒ ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ടി വിശദീകരണത്തിൽ പറയുന്നു. ഇതിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 04.02.2022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va